കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആറളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.10/401/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 28.09.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആറളം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :ആറളം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-20,1-21,1-25,1-31 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് (രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ മെയിൽ)

3)കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.12.2019മുതൽ 5.3.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ.ശശികുമാർ എം.പി, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 6.3.2020 മുതൽ 20.3.2020 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1)ശ്രീ.ഷൈജുമാത്യു, അസി.ഓഡിറ്റ് ഓഫീസർ. |
| | 2)ശ്രീ.വിജോഷ് പി അസി.ഓഡിറ്റ് ഓഫീസർ. |
| | 3)ശ്രീ.ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ജിജി നടുപ്പറമ്പിൽ | 1.4.2018മുതൽ 31.3.2019 വരെ. |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.എം അന്നമ്മ | 01/04/2018 മുതൽ 02/05/2018 വരെ |
| | ശ്രീ.ബാബു തോമസ്(ഇൻ ചാർജ്ജ്) | 03/05/2018 മുതൽ 30/06/2018 വരെ |
| | ശ്രീ.റോബർട്ട് ജോസഫ് | 01/07/2018 മുതൽ 31/03/2019 വരെ |

<u>നിർവ്വഹണോദ്യാഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ബാബു തോമസ് | 1/04/2018 മുതൽ 23/10/2018 വരെ |
| | ശ്രീ.ഷാജി വി ജി | 24/10/2018 മുതൽ 01/12/2018 വരെ |
| | ശ്രീ.അരവിന്ദൻ എം | 02/12/2018 മുതൽ 20/01/2019 വരെ |
| | ശ്രീ.ഫ്രാൻസിസ് ആർ | 21/01/2019 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ | ശ്രീ.ഷാജീവൻ പി.(കീഴ്ഭള്ളി) | 1.4.2018 മുതൽ 8.10.2018 വരെ. |
| | ശ്രീമതി.ജോമോൾ ജോസ്(കീഴ്ഭള്ളി) | 9.10.2018മുതൽ 30.11.2018വരെ |
| | ശ്രീ.ഷിന്റോ ജോസഫ്(കീഴ്ഭള്ളി) | 1.12.2018 മുതൽ 31.3.2019 വരെ |
| | ശ്രീമതി.ജോമോൾ ജോസഫ്(എട്ടൂർ) | 1.4.2018 മുതൽ 10.2.2018 വരെ |
| | ശ്രീ.ഷാജി കെ പി(എട്ടൂർ) | 11.2.2018 മുതൽ 31.3.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത പി പി | 1/04/2018-31/03/2019 |
| മെഡിക്കൽ ഓഫീസർആയുർവേദം | ഡോ:വീണ അഗസ്റ്റിൻ | 1.4.2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ:പ്രിയ സദാനന്ദൻ | 1/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ:ജിഷ | 1.4.2018 മുതൽ 31/03/2019 വരെ |
| വെറ്റിനറി സർജൻ | ശ്രീ.ഷിബു പി എൻ | 01/04/2018 മുതൽ |

| | | |
|---|---|---|
| | | 31/03/2019 വരെ |
| അസി.എഞ്ചിനീയർ. | ശ്രീ.മനോഹരൻ മാണിക്കോത്ത് | 01/04/2018 മുതൽ 31/05/2018 വരെ |
| | ശ്രീ.വിപിൻ ഡേവി | 01/06/2018 മുതൽ 30/06/2018 വരെ |
| | ശ്രീ.ഇബിന മഷൂദ് എ | 1/07/2018 മുതൽ 31/03/2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റജീന എ | 1/04/2018 മുതൽ 4/04/2018 FN വരെ |
| | ശ്രീ.നിധീഷ് ബാബു | 4/4/2018 ANമുതൽ 19/06/2018 വരെ |
| | ശ്രീമതി.സവിത ആൻറണി | 20/06/2018 മുതൽ 11/09/2018 FNവരെ |
| | ശ്രീ.പൌലോസ് തോമസ് | 11/09/2018 AN മുതൽ 19/11/2018 FNവരെ |
| | ശ്രീമതി.അശ്വതി വിശ്വനാഥൻ | 19/11/2018 AN മുതൽ 14/2/2019 വരെ |
| | ശ്രീമതി.മന്നമ്പത്ത് റെനിഷ ജയരാജൻ | 14/2/2019 മുതൽ 31/3/2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.ഷിന്റോ അലക്സ് | 01/04/2018 മുതൽ 31/03/2019 വരെ |
| ഹെഡ് മാസ്റ്റർ. | ശ്രീ.അബ്ദുള്ള കെ പി | 1/4/2018 മുതൽ 31/3/2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമനം. | വിവരണം | ഖണ്ഡിക നം. |
|---|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷീക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തീക വിശകലനം(രസീപ്റ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| | | |

| | | |
|---|---|---|
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷീക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-11 |
| 12 | തൊഴിൽ നികുതി അപാകങ്ങൾ | 1-12 |
| 13 | വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് വരവ് ഇല്ല | 1-13 |
| 14 | ബസ് സ്റ്റാൻഡ് കീഴ്പ്പള്ളി - ബസ് സ്റ്റാൻഡ് ഫീസ് പിരിക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 1-14 |
| 15 | ഇ ടെൻഡർ ഫോറം വില തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | ഫർണീച്ചർ സപ്ലൈ - കരാർ ലംഘനത്തിൽ നടപടി സ്വീകരിച്ചില്ല | 1-16 |
| 17 | അങ്കണവാടി വർക്കർമാർക്കും ഹെൽപർമാർക്കും അധിക ഹോണറേറിയം - കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ കൃത്യമാക്കേണ്ടതാണ് | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകങ്ങൾ- ചെലവ് തുക ₹50400 തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം- അപാകങ്ങൾ- ചെലവ് തുക ₹24108/ തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനരഹിതം | 1-20 |
| 21 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ;- അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 23 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ അപാകങ്ങൾ | 1-23 |
| 24 | മരാമത്ത് പ്രവർത്തിക്ക് ആവശ്യമായതിൽ കൂടുതൽ സമയം അനുവദിക്കുന്നത് പ്രവർത്തി സ്പിൽ ഓവറാകുന്നതിന് കാരണമാകുന്നു. | 1-24 |
| 25 | തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ. | 1-25 |
| 26 | പ്രോജക്ട് ആസൂത്രണത്തിൽ വീഴ്ച | 1-26 |
| 27 | ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് | 1-27 |
| 28 | മാലിന്യം സൂക്ഷിക്കുന്നതിന് സൌകര്യങ്ങളില്ല;ഹരിതകർമ്മസേന | 1-28 |

| | | |
|---|---|---|
| | പ്രവർത്തനരഹിതം. | |
| 29 | നീക്കിയിരിപ്പുതുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 30 | ബിൽബുക്കിലെ തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-30 |
| ഭാഗം 2 വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ-ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | | |
| ഭാഗം 3 വ്യക്തമായ ചെലവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ-സർച്ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | | |
| ഭാഗം 4 | | |
| 31 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 32 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങള് | 4-4 |
| 35 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 39 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധ പത്രികകൾ | | |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം1 |
| 43 | റസീറ്റ്&പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം2-1 |
| 44 | ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം2-2 |
| 45 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് താഴെ പറയും

ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് / പുതുക്കിയ ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് (ഭരണസമിതി തീരുമാനം.നം.102/18 തി.22.3.2020) | | പുതുക്കിയ ബജറ്റ് (ഭരണസമിതി തീരുമാനം.നം32/21.2.2020) | |
|---|---|---|---|
| മുൻബാക്കി | 6806623 | മുൻബാക്കി | 24495231 |
| വരവ് | 267622364 | വരവ് | 258559616 |
| ആകെ | 274428987 | ആകെ | 283054847 |
| ചെലവ് | 270709020 | ചെലവ് | 273358535 |
| നീക്കിബാക്കി | 3719967 | നീക്കിബാക്കി | 9696312 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുന്നതിന് തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തിയ്യതി |
|---|---|---|---|
| 31.7.2019 | 4.6.2019 | തിരിച്ചയച്ചിട്ടില്ല. | -- |

## 1-3 സാമ്പത്തിക വിശകലനം(രസീപ്റ്റ് &പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34148025 |
| വരവ് | 135452705 |
| ആകെ | 169600730 |
| ചെലവ് | 120292140 |
| നീക്കിയിരിപ്പ് | 49308590 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയരിപ്പ് /ലാപ്സ്ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR | 0 | 30422558 | 30422558 | 25905454 | 4517104 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 987000 | 987000 | 651578 | 335422 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 9682000 | 9682000 | 8538112 | 1143888 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11228000 | 11228000 | 11228000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6082000 | 6082000 | 6082000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12078000 | 12078000 | 12078000 | 0 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 486795 | 21906 | 508701 | 10 | 508691 |
| ശുചിത്വമിഷൻ | | 661334 | 635000 | 1296334 | 170000 | 1126334 |
| ദുരിതാശ്വാസനിധി | | 9067 | 19341 | 28408 | 24510 | 3898 |
| എം പി ഫണ്ട് | | 36921 | 854945 | 891866 | 842842 | 49024 |
| ജലനിധി | | 1138935 | 6100091 | 7239026 | 5292328 | 1946698 |
| മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2033 | 1198843 | 1200876 | 1194405 | 6471 |
| | കൂലി ചെലവ് | 0 | 57322337 | 57322337 | 57322337 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ്. | | 343206 | 1873162 | 2216368 | 0 | 2216368 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് | 76772 | 10987180 | 11063952 | 10186990 | 876962 |
| ബി ഫണ്ട് | | 0 | 315120 | 315120 | 315120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 9754217 | 38282939 | 48037156 | 34718088 | 13319068 |
| | ട്രഷറി അക്കൗണ്ട് | 21638745 | 10681034 | 32319779 | 3135417 | 29184362 |

തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ ലൈഫ് ഭവനപദ്ധതിക്കായി ലഭ്യമായ 23760000 രൂപയുടെ വായ്പാ തുകയും ഉൾപ്പെടുന്നു.

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ആർ.പി.40(a) പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകളുടെ മുൻബാക്കി 76772 രൂപയും ആർ.പി.40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 876962 രൂപയുമാണ്. ഇവയിൽ തന്നെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ വേർതിരിച്ച് മനസ്സിലാക്കുന്നതിന് സാധിക്കുന്നുമില്ല. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 1 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം സംയുക്ത പ്രോജക്ടുകളുടെ മുൻബാക്കി, തൻവർഷവരവ്, ചെലവ്, നീക്കിബാക്കി എന്നിവ താഴെ പറയും പ്രകാരമാണ്. ഇവ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുകയും മുൻബാക്കി, നീക്കിബാക്കി എന്നിവയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ (ആർ.പി.40(a),(40)b എന്നിവയുമായി പൊരുത്തപ്പെടുന്നത്) ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

| സ്ഥാപനത്തിന്റെ തരം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 111756 | 5459590 | 5571346 | 5539590 | 31756 |
| ജില്ലാ പഞ്ചായത്ത് | 310016 | 5527590 | 5837606 | 5527500 | 310106 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 153714120 | 170 | 96744068 | 7 | 42 (ക്യൂ ബില്ലുകൾ) | 77.62 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 11323219 | 28 | 6872728 | 18 | 64.29 |
| കൃഷി ഓഫീസർ | 4070000 | 6 | 1329875 | 6 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 50650000 | 17 | 33550000 | 15 | 88 |
| | 7236480 | 13 | 3238821 | 10 | 76.92 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | | | | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2930000 | 1 | 2930000 | 1 | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച് സി | 2188140 | 12 | 1191733 | 8 | 66.7 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 600000 | 1 | 600000 | 1 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1320000 | 3 | 1280881 | 3 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1650000 | 2 | 1438600 | 2 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 60292376 | 117 | 34256761 | 90 | 76.92 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9362255 | 6 | 8775819 | 6 | 100 |
| ഹെഡ്മാസ്റ്റർ | 2091650 | 13 | 1278850 | 10 | 77 |
| ആകെ | 153714120 | 219 | 96744068 | 170 | 77.62 |

<u>പൊതു അവലോകനം.</u>

ഗ്രാമസഭാ മിനുട്സുകൾ കൃത്യമായി രേഖപ്പെടുത്തി വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭകൾ 2018-19 വർഷത്തിൽ രണ്ട് തവണ മാത്രമാണ് പല വാർഡുകളിലും ചേർന്നിരിക്കുന്നത്. (ഉദാഹരണം-വാർഡ് നം 2,14) ഇവയിൽ ആദ്യ ഗ്രാമസഭയിൽ ഗുണഭോക്താക്കളെ അംഗീകരിക്കുകയും രണ്ടാമത്തെ ഗ്രാമസഭയിൽ 2019-20 വർഷത്തെ വാർഷിക പദ്ധതി അംഗീകരിക്കുകയും മാത്രമാണ് ചെയ്തിരിക്കുന്നത്. മുൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, തൻവർഷത്തെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ മുതലായവ നടത്തിയതായി കാണുന്നില്ല.

കർമ്മസമിതികൾ 13 എണ്ണത്തിന്റെയും മിനുട്സുകൾ യഥാവിധി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ചതായി കാണുന്നില്ല.

വിഭാവനം ചെയ്ത പ്രോജക്ടുകൾ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വരവിനങ്ങളിലെ തുകകൾ വർദ്ധിപ്പിക്കുന്നതിന് തൊഴിൽനികുതി, എഫ്.ടി.ഇ.&ഒ ലൈസൻസ് ഫീ പിരിവ്, ബസ്സ്റ്റാന്റ് ഫീ പിരിവ് എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണത്തിനായി തയ്യാറാക്കിയ തുമ്പൂർമൂഴി മോഡൽ പ്ലാന്റുകൾ പ്രവർത്തന രഹിതമായി അവശേഷിക്കുന്നതും ഹരിതകർമ്മസേനക്ക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് കെട്ടിടസൗകര്യമില്ലാത്തിനാൽ സേന പ്രവർത്തിക്കാത്തതും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട മേഖലകളാണ്. ഹരിതകേരളം മിഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടില്ലയെന്നതും ശ്രദ്ധയർഹിക്കുന്നതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2033 | 1198843 | 1200876 | 1194405 | 6471 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 57322337 | 57322337 | 57322337 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45120 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 51228000 | 7 |
| വിധവാപെൻഷൻ | 13113700 | 113 |
| വാർദ്ധക്യകാലപെൻഷൻ | 26096200 | 358 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4709300 | 57 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 530000 | 40 |

മുകളിൽ പറഞ്ഞിരിക്കുന്നതിൽ തൊഴിൽരഹിത വേതനം ഒഴികെയുള്ള ഇനങ്ങളിൽ തുക കൈപ്പറ്റിയവരുടെ എണ്ണവും നൽകിയ തുകയും നിലവിലുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ

നോക്കുമ്പോൾ പൊരുത്തപ്പെടുന്നില്ലയെന്ന് കാണുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-3-2020 3.40 PM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25155/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ സാന്നിദ്ധ്യത്തിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് കൂടുകയും നികുതി പിരിവ് പുരോഗതി അവലോകനം ചെയ്യുകയും, ഫ്രണ്ട് ഓഫീസ് സേവനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ഓഫീസ് ഓർഡർ ബുക്കിൽ ദൈനംദിന ചുമതലാ വിഭജനം കൂടാതെ നികുതി പിരിവ് ടാർജറ്റുകൾ നിർണ്ണയിച്ച് കൊടുക്കുകയും വാർഷിക കണക്കുകൾ തയ്യാറാക്കൽ, നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി തയ്യാറാക്കൽ, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കൽ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേക ചുമതലകളും ആവശ്യ സമയങ്ങളിൽ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-01-2020 | ഡിസംബർ 2019 | 22-02-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/12/2012 മുതൽ 31/12/2012 വരെ | 2007-08 മുതൽ 2011-12 വരെ | 28/02/2013 |

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1)കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62 ൽ നിഷ്കർഷിച്ച വിധത്തിൽ വാർഷിക ധനകാര്യപത്രികയോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

എ)അടിസ്ഥാന അനുപാതങ്ങൾ.

ബി)പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ.

2)കേരള പഞ്ചായത്തീരാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 46ൽ നിഷ്കർഷിച്ച വിധത്തിൽ 3 മാസത്തിലധികമായി പണമാക്കാത്ത ചെക്കുകളുടെ വിവരം ധനകാര്യ പത്രികയിൽ liability in

respect of stale cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3)2018-19 ലെ വസ്തുനികുതി കണക്കിൽ സഞ്ചയ ഡി.സി.ബി പ്രകാരം 92225 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

# 1-12 തൊഴിൽ നികുതി അപാകങ്ങൾ

ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ.) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ബി.) ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച

ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല.

സി.) ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പ്രകാരം, പഞ്ചായത്തിന്റെ പരിധിയിലെ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്ന് 2018-19വർഷം തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

1.അബ്ദുർ ഗഫൂർ പി കെ

2.ബാബു പി

3.ഇമ്മാനുവേൽ സി ജെ

4.ജോയ് കുര്യൻ

5.മനോജ് സേവ്യർ

6.സെബാസ്റ്റ്യൻ വാതല്ലൂർ

7.ടി ടി തോമസ്

8.തോമസ് സെബാസ്റ്റ്യൻ

9.തോമസ് ടി

10.യൂസഫ് പി കെ

4) താഴെ പറയുന്ന സ്ഥാപനത്തിൽ നിന്ന് 2018-19 വർഷം തൊഴിൽ നികുതി (സ്ഥാപനം) ഈടാക്കിയതായി കാണുന്നില്ല.

ആറളം ഫാമിങ് കോർപറേഷൻ (കേരള) ലിമിറ്റഡ് , ആറളം ഫാം

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 19.03.2020-ന് നൽകിയ 33 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി നിർണ്ണയം ചട്ടങ്ങൾക്കനുസൃതമായി നടത്തേണ്ടതും ബാധ്യസ്ഥരായ എല്ലാവരിൽനിന്നും നികുതി ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-13 വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് വരവ് ഇല്ല

1) ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ(100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ) | 1322 |
| വാണിജ്യാവശ്യത്തിനുള്ളവ (100ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,<br>ഷോപ്പുകൾ, ഗോഡൌൺ ) | 208 |
| വാണിജ്യാവശ്യത്തിനുള്ളവ (200ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ്<br>മാളുകൾ | 11 |
| വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 18 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 45 |
| വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 48 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 33 |
| ആകെ | 1685 |

കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്തിലെ 17 വാർഡുകളിലായി ആകെ 1,685 കെട്ടിടങ്ങൾക്ക് വാണിജ്യം/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 270 കെട്ടിടങ്ങൾ മാത്രമാണ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പട്ടിട്ടുള്ളത്. പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1,438 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 469 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസില്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം ധനകാര്യ സ്ഥിരം സമിതിയോ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ പരിശോധനാവിധേയമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. (അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 16.03.2020-ന് നൽകിയ 34 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. )

## 1-14 ബസ് സ്റ്റാൻഡ് കീഴ്പ്പള്ളി - ബസ് സ്റ്റാൻഡ് ഫീസ്

# പിരിക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

ആറളം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കീഴ്പള്ളി ടൗണിൽ സ്ഥിതി ചെയ്യുന്ന ബസ് സ്റ്റാൻഡ് 2018-19 വർഷം ലേലം ചെയ്തിട്ടില്ല. ബസ് സ്റ്റാൻഡ് ലേലം ചെയ്ത് ഫീസ് പിരിക്കുവാനോ അല്ലെങ്കിൽ ടാക്സി സ്റ്റാൻഡ് ആയി ഉപയോഗിച്ച് വരുമാന വർദ്ധിപ്പിക്കുവാനോ ആവശ്യമായ നടപടികൾ 2018-19 വർഷം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ട് 19.03.2020 ന് നൽകിയ 36 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയില്ല. ബസ്റ്റാന്റ് ഫലപ്രദമായ വിധത്തിൽ ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ഇ ടെൻഡർ ഫോറം വില തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ മുഖേന ടെൻഡർ ചെയ്ത് മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളത്. ഈ തുക ആറളം ഗ്രാമപഞ്ചായത്തിൽ വരവ് വെച്ചിട്ടില്ല. നാളിതുവരെ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തുക വ്യക്തമാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. കണ്ടുകെട്ടിയ ഇ ടെൻഡർ നിരതദ്രവ്യമുൾപ്പെടെയുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ഫർണിച്ചർ സപ്ലൈ - കരാർ ലംഘനത്തിൽ നടപടി സ്വീകരിച്ചില്ല

പ്രോജക്ടിന്റെ പേര് : 197/19 കീഴ്പള്ളി വയോജന വിശ്രമകേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 50,000/-

ചെലവ് : 34,930/- (വികസനഫണ്ട്)

ബിൽ നമ്പർ : 18/18-19/03.11.2018

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

കരാർ നമ്പർ : No.Nil/20.12.2017

കീഴ് പള്ളി വയോജനവിശ്രമ കേന്ദ്രത്തിന് ആവശ്യമായ ഫർണിച്ചർ സപ്ലൈ ചെയ്യുന്നതിന്, കോസ്റ്റൽ ഫർണിച്ചർ, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 18.01.2018-ന് പർച്ചേയ്സ് ഓർഡർ നൽകുകയും ചെയ്തു. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഒരു മാസത്തിനകം ഫർണിച്ചർ സപ്ലൈ ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ സപ്ലൈ ചെയ്തിരിക്കുന്നത് 24.10.2018-ന് മാത്രമാണ്. കരാർ വ്യവസ്ഥകൾ പ്രകാരം

സാധനങ്ങളുടെ വിലയുടെ 10% തുകയായ 3,493/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല. ആയത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 അങ്കണവാടി വർക്കർമാർക്കും ഹെൽപർമാർക്കും അധിക ഹോണറേറിയം - കൈമാറിയ തുകയുടെ വിനിയോഗവിവരങ്ങൾ കൃത്യമാക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് : 224/19,234/19 അങ്കണവാടി വർക്കർമാർക്കും ഹെൽപർമാർക്കും

അധിക ഹോണറേറിയം നൽകൽ

ചെലവ് : 16,20,600/- (വികസനഫണ്ട്)

ബിൽ നമ്പർ : 07/18-19/26.12.2018 (8,10,300/-)

15/18-19/13.03.2019 (8,10,300/-)

നിർവ്വഹണോദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ധനകാര്യ വകുപ്പിന്റെ 29.11.2018 – ലെ സ.ഉ(സാധാ) 9858/2018 നമ്പർ പ്രകാരം, അങ്കണവാടി വർക്കർമാർക്കും ഹെൽപർമാർക്കും അധിക ഹോണറേറിയം നൽകുന്നതിനായി 16,20,600/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ട് നമ്പർ, നൽകിയ തുകയുടെ കൈപ്പറ്റ് വിവരം, തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക കൃത്യമായി വിനിയോഗിച്ചിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകങ്ങൾ- ചെലവ് തുക ₹50400 തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പേരിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 120/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 199600/- (വികസന ഫണ്ട്- എസ്.സി.പി) |

| | |
|---|---|
| | 400തനതു ഫണ്ട് |
| ചെലവ് | 50000/-(വികസന ഫണ്ട്- എസ്.സി.പി)<br>400 തനതു ഫണ്ട് |
| ചെലവ് വിവരം | ട്രഷറി ബിൽ നം. 2/18-19/16.6.18 – 50,000/- + 400/- – തനത് ഫണ്ട് (വൗച്ചർ നമ്പർ ലഭ്യമല്ല) |
| ആനുകൂല്യം നലകിയ ഗുണഭോക്താക്കളുടെ എണ്ണം | ഒരാൾക്ക് 50400/- രൂപ ( സൗമ്യ ബാബു )<br>KLGB0040450/40450101041864 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയുടെ (സ.ഉ (കൈ.) 22/18/ തസ്വഭവ തീയതി 14.2.2018) ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് അനുമതി. എന്നാൽ, മേൽ സൂചിപ്പിച്ച പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട ഗുണഭോക്താവിന്റെ അപേക്ഷ , അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, നിലവിലെ വീടിന്റെയോ, പണി കഴിപ്പിച്ച പഠനമുറിയുടെയോ വിസ്തീർണ്ണം സംബന്ധിച്ച് യാതൊരു രേഖയും ലഭ്യമല്ല. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വേണ്ടി ഓവർസീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിലും മേൽ സൂചിപ്പിച്ച വിസ്തീർണ്ണം സംബന്ധിച്ച വിശദാംശങ്ങളും ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 14.03.2020-ന് നൽകിയ (നമ്പർ 7) ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ ചെലവ് രേഖകൾ/വിശദീകരണം എന്നിവയുടെ അഭാവത്തിൽ 50,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-19 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം-അപാകങ്ങൾ- ചെലവ് തുക ₹24108 തടസ്സപ്പെടുത്തുന്നു

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം എന്ന പേരിൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു-

| | |
|---|---|
| പ്രോജക്ട് നമ്പർ | 53/19 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം |
| | |

| | |
|---|---|
| അടങ്കൽ | 200000/- (വികസന ഫണ്ട്- TSP) |
| ചെലവ് | 137760/-(വികസന ഫണ്ട്- TSP) |
| ചെലവ് വിവരം | ട്രഷറി ബിൽ നം. 9/18-19/25-01-2019 – 137760/- |
| Inv. നമ്പർ | 283/15-01-2019, ഫീഡ്കോ കോഴിക്കോട് |

പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടിക്രമങ്ങൾ അവലംബിച്ച് ഫീഡ്കോ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 40 എണ്ണം വീതം സ്റ്റീൽ മേശകളും, സ്റ്റീൽ കസേരകളും വാങ്ങിച്ചിട്ടുണ്ട് ( സ്റ്റോക്ക് രജിസ്റ്റർ പ്രകാരം) എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 33 എണ്ണം മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. 7 എണ്ണം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 14.03.2020-ന് നൽകിയ (നമ്പർ 7) ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ ചെലവ് രേഖകൾ/വിശദീകരണം എന്നിവയുടെ അഭാവത്തിൽ ഏഴ് യൂണിറ്റ് ഫർണിച്ചറുകളുടെ തുകയായ ₹24108 (3444x7 = 24108) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ/വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-20 തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനരഹിതം

പ്രോജക്റ്റ് നം.192/19

പ്രോജക്റ്റിന്റെ പേര് : തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം (4 എണ്ണം.)

ചെലവഴിച്ച തുക : 10,12,447 രൂപ(535762 ചെക്ക് നം.6700200061 തി.28.3.2018

476685 രൂപ ചെക്ക് നം.9173910 തി.23.7.2018)

2017-18 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നുവന്ന ഈ പ്രോജക്റ്റിന്റെ ഭാഗമായി താഴെ പറയുന്ന സ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

1)ആയുർവ്വേദ ആശുപത്രി,കളരിക്കൽ.

2)ഗവ.എൽ.പി.സ്കൂൾ ഇടവേലി.

3)ഗ്രാമപഞ്ചായത്ത് ഓഫീസ് ആറളം.

4)ഹോമിയോ ഹോസ്പിറ്റൽ,വീർപ്പാട്.

എന്നാൽ ഇവയിൽ ഇടവേലി ഗവ.എൽ.പി.സ്കൂളിൽ സ്ഥാപിച്ച യൂണിറ്റ് ഒഴികെയുള്ളവ എല്ലാം പ്രവർത്തനരഹിതമാണെന്ന് സെക്രട്ടറി എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി. ഈ കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് യാതൊരു പരിശീലനവും

ലഭ്യമായിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനരഹിതമായിരിക്കുന്നതിലൂടെ ഉറവിട മാലിന്യ സംസ്കരണമെന്ന ലക്ഷ്യം നിറവേറ്റപ്പെട്ടില്ലയെന്ന് മാത്രമല്ല, ഗ്രാമപഞ്ചായത്തിന് വലിയ പാഴ് ചെലവും ഉണ്ടായിരിക്കുകയാണ്. കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ:- അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2018-19–ൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂറായി തുകകൾ അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നാളിതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകളുടെ വിവരം മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ടുകളുടെ പേര് | തുക | ബിൽനമ്പർ/ തീയതി | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക. |
|---|---|---|---|---|
| 1 | 125/19 സാന്ത്വന പരിചരണം | 1,22,063/- | 16/18-19/20.02.2019 | 9625 |
| 2 | ,, | 29,937/- | 07/18-19/22.11.2018 | (മറുപടി ലഭ്യമാക്കിയിട്ടില്ല) |
| 3 | 135/19 പ്രാഥമിക ചികിത്സാ വിശദീ കരണവും അനീമിയരോഗനിർണ്ണവും | 21,186/- | 26/18-19/12.03.2019 | (മറുപടി ലഭ്യമാക്കിയിട്ടില്ല) |
| 4 | 124/19 വൃദ്ധജന ആരോഗ്യപരിപാലനം | 34,999/- | 24/18-19/24.03.2019 | (മറുപടി ലഭ്യമാക്കിയിട്ടില്ല) |
| 5 | ,, | 1,05,500/- | 27/18-19/26.03.2019 | 9349 |
| 6 | 45/19 ആറളം ഫാം പി.എച്ച്.സി യി ലേക്ക് മരുന്ന് വാങ്ങൽ | 50,000/- | 14/18-19/09.12.2018 | 7411 |

മുകളിൽ കാണിച്ചിരിക്കുന്ന ക്രമനമ്പർ 1,5,6 എന്നിവ പ്രകാരം 26385 രൂപയുടെ മരുന്നുകൾ ലഭിക്കുവാനുണ്ട്. അതേസമയം ക്രമ നം.2,3,4 എന്നിവയിൽ കാണിച്ചിരിക്കുന്ന മരുന്നുകൾ

ലഭ്യമാക്കിയിട്ടുണ്ടോയെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യങ്ങൾ പരിഗണിച്ച് അവശേഷിക്കുന്ന മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്കായി 2018-19 വർഷത്തിൽ നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 16.03.2018 – ലെ സ.ഉ(കൈ) 34/2018 പ്രകാരം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു അനുവദിച്ച് ആറു മാസത്തിനകം വീടിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ആറളം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീടുകൾ നാളിതുവരെയായി (മാർച്ച്/2020) പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്തൃ നം | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു നൽകിയ തീയതി | നിലവിലെ സ്ഥിതി | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 176 | ദീപ്തി എം.ഡി | 07.05.2019 | ബേസ്മെന്റ് | 2,00,000 |
| 2 | 170 | ജെയ് മോൻ ജോർജ്ജ് | 26.07.2018 | മേൽക്കൂര | 1,00,000 |
| 3 | 167 | ജോസഫ് തെള്ളിയിൽ | 26.07.2018 | ,, | 1,00,000 |
| 4 | 153 | ഉമ്മർ നെച്ചിക്കാടൻ | 07.05.2019 | ,, | 1,00,000 |
| 5 | 147 | സുനിത പനക്കൽ | 06.08.2018 | ലിന്റിൽ | 1,00,000 |
| 6 | 132 | ഓമന കാഞ്ഞിരക്കുളത്തിൽ | 07.05.2019 | മേൽക്കൂര | 1,00,000 |
| 7 | 117 | സിനി രഞ്ചിത്ത് | 26.07.2018 | ,, | 1,00,000 |
| 8 | 106 | ഗൗരി തുണ്ടത്തിൽ | 07.05.2019 | ,, | 1,00,000 |
| 9 | 98 | ബെന്നി കെ പീറ്റർ | 06.08.2018 | ,, | 1,00,000 |
| 10 | 67 | ശാന്ത ഉണിങ്ങൽ | 26.07.2018 | ,, | 1,00,000 |
| 11 | 65 | ജാനകി തോട്ടത്തിൽ | 26.07.2018 | ,, | 1,00,000 |
| 12 | 29 | ഷാഹിദ കെ | 26.07.2018 | ലിന്റിൽ | 1,00,000 |
| 13 | 28 | നിഷ കണക്കൻശേരിയിൽ | 06.08.2018 | മേൽക്കൂര | 1,00,000 |
| 14 | 22 | സരോജിനി | 26.07.2018 | ,, | 1,00,000 |

| | | | | | |
|---|---|---|---|---|---|
| | | നെല്ലിനിലക്കം കാലായിൽ | | | |
| | | ആകെ | | | 15,00,000 |

വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-23 ലൈഫ് ഭവനപദ്ധതി - ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിൽ അപാകങ്ങൾ

2018-19-ലേക്കുള്ള ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ 173 ഗുണഭോക്താക്കളെയാണ് ഭൂമിയുള്ള ഭവനരഹിതരുടെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയത് (ഭരണസമിതി തീരുമാനം നമ്പർ : 1/252/2017 തീയതി : 30.12.2017). എന്നാൽ പിന്നീട് നിർവഹണോദ്യോഗസ്ഥരുടെ അന്വേഷണത്തിൽ അന്തിമ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ മൂന്നിലൊന്നു പേരും ആനുകൂല്യത്തിന് അർഹരല്ലെന്ന് കണ്ടെത്തി. നിലവിൽ മെച്ചപ്പെട്ട കോൺക്രീറ്റ് വീട് സ്വന്തമായുള്ളവരും സ്വന്തമായി 25 സെന്റിലധികം ഭൂമിയുള്ളവരും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടു. കുടുംബശ്രീ മുഖേന നടത്തി തയ്യാറാക്കിയ ലിസ്റ്റായതിനാലാണ് ഈ അപാകം സംഭവിച്ചതെന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്. ഗ്രാമസഭയുടെ അംഗീകാരമടക്കം നേടി തയ്യാറാക്കിയ ലിസ്റ്റിൽ ഇത്തരത്തിൽ ക്രമക്കേട് സംഭവിച്ചത് ഗൗരവമായി പരിശോധിക്കേണ്ടതും വീഴ്ച ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്. (ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നിർവ്വഹണ സമയത്ത് രേഖാപരിശോധന കൃത്യമായി നടത്തി അർഹർക്ക് മാത്രമാണ് ധനസഹായം നൽകിയതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ വി.ഇ.ഒ അറിയിക്കുകയുണ്ടായി)

# 1-24 മരാമത്ത് പ്രവൃത്തിക്ക് ആവശ്യമായതിൽ കൂടുതൽ സമയം അനുവദിക്കുന്നത് പ്രവൃത്തി സ്പിൽ ഓവറാകുന്നതിന് കാരണമാകുന്നു.

2018-19 വർഷത്തിൽ ആകെ അംഗീകാരം ലഭിച്ച 117 പ്രവൃത്തികളിൽ 40എണ്ണം സ്പിൽ ഓവറായി വെക്കുകയും അവയിൽ 4 എണ്ണം ഉപേക്ഷിക്കേണ്ടി വരുകയും ചെയ്തിട്ടുണ്ട്. ചെറിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് പോലും അനുവദിച്ച് നൽകുന്ന സമയപരിധി താരതമ്യേന അധികമാകുന്നത് പ്രവൃത്തികൾ സ്പിൽ ഓവറാകുന്നതിന് കാരണമാകുന്നുണ്ട്.

ഉദാരഹരണമായി കോനിയോട്-വലിയപറമ്പത്ത് -ചെടിക്കുളം റോഡ് കോൺക്രീറ്റിംഗും ടാറിംഗും എന്ന പ്രവൃത്തിയിൽ (പ്രോജക്ട് നം.221/19) നിർവ്വഹിക്കുവാനുള്ളത് 29 മീറ്റർ കോൺക്രീറ്റിംഗും (ചെയിനേജ് 0/50 മുതൽ 0/79 വരെ ) 60 മീറ്റർ ടാറിംഗും (0/079 മുതൽ 0/139 വരെ) മാത്രമാണെങ്കിലും ഈ പ്രവൃത്തിക്ക് അനുവദിച്ചിരിക്കുന്ന സമയം 5 മാസമാണ്. ആയതിനാൽതന്നെ 6.12.2018 ന് പ്രവൃത്തി സ്ഥലം കൈമാറ്റം ചെയ്തുവെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണം നടക്കുന്നത് 13.3.2019 ലാണ്. തുടർന്ന് 2018-19 സാമ്പത്തിക വർഷത്തിൽ ബിൽ

സമർപ്പിക്കുകയുണ്ടായില്ല. പ്രോജക്ട് നം.36/19,24/19 മുതലായ പ്രവൃത്തികളും ഈ വിധത്തിൽ സ്പിൽ ഓവറാക്കപ്പെട്ടവയാണ്. ഇപ്രകാരം പ്രവൃത്തിയുടെ വ്യാപ്തി പരിഗണിക്കാതെ കൂടിയ സമയം അനുവദിക്കുന്നത് ഒഴിവാക്കി പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-25 തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ.

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെടുകയുണ്ടായി.

1)<u>പൊതു ഗ്രാമസഭ-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.</u>

സർക്കുലർ നം.394/ഡിഡി 2/2017 തസ്വഭവ തി.21.10.2017 പ്രകാരം ലേബർ ബജറ്റ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. സർക്കുലർ ഖണ്ഡിക 11 പ്രകാരം കർമ്മപദ്ധതി രൂപീകരണത്തിന് മുന്നോടിയായി ഗ്രാമസഭകൾ ചേരേണ്ടതുണ്ട്. ഈ ഗ്രാമസഭയിൽ മുൻവർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ, പൂർത്തിയാകാത്ത പ്രവൃത്തികളുടെ വിലയിരുത്തൽ, തൊഴിൽകാർഡ് വിതരണം വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ നടത്തേണ്ടതുണ്ട്. തുടർന്ന് അയൽക്കൂട്ടങ്ങളിൽ ചർച്ചചെയ്ത പ്രവൃത്തികൾ സംബന്ധിച്ചവിവരം ഫോറം നം.5 ലും വാർഡ് തല ക്രോഡീകരണം നടത്തി വിവരങ്ങൾ ഫോറം 4 ലും ഉൾപ്പെടുത്തേണ്ടതുണ്ട്. തുടർന്ന് പൊതു ഗ്രാമസഭ ചേരുന്നതിന് മുമ്പായി ഒക്ടോബർ 20 ന് മുന്നേ പ്രത്യേക തൊഴിലാളി ഗ്രാമസഭയും ചേരേണ്ടതുണ്ട്. എന്നാൽ പൊതു ഗ്രാമസഭക്ക് മുന്നേ ചെയ്യേണ്ട മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി യാതൊരു രേഖപ്പെടുത്തലുകളും മിനട്സുകളിലില്ല.

2)<u>സാധനങ്ങൾ വാങ്ങുന്നതിൽ നടപടിക്രമങ്ങളിലെ അപാകങ്ങൾ</u>

തൊഴിലുറപ്പ് പദ്ധതിക്കായി സാധനങ്ങൾ വാങ്ങുന്നതിന് അവലംബമാക്കേണ്ട സ.ഉ.(കൈ)93/2012/തസ്വഭവ തി31.3.2012 ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെടുകയുണ്ടായി. ഖണ്ഡികയിൽ നിർദ്ദേശിക്കുന്ന പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റിയും സബ് കമ്മറ്റികളും രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ അവ വേണ്ടവിധം രേഖപ്പെടുത്തൽ നടത്തിയതായി കാണുന്നില്ല. ഈ കമ്മറ്റികൾ 2018-19 വർഷത്തിൽ 5 തവണ യോഗം ചേർന്നതായി കാണുന്നുവെങ്കിലും പല യോഗങ്ങളുടെയും തിയ്യതി പോലും രേഖപ്പെടുത്തിയിട്ടില്ലായെന്ന് മാത്രമല്ല പങ്കെടുത്ത അംഗങ്ങളുടെ പേരോ, എടുത്ത തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ചില കമ്മറ്റികളിൽ തീരുമാനങ്ങളായി ആകെ കാണുന്നത് സാധനങ്ങൾ വാങ്ങുന്നതിനുള്ള തീരുമാനങ്ങൾ മാത്രമാണ്. ഇവക്കായി ലഭിച്ച ടെൻഡറുകൾ പരിശോധിച്ചതായോ ഭരണസമിതിക്ക് അംഗീകാരത്തിനായി സമർപ്പിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല.

2018-19 വർഷത്തിൽ എട്ട് റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ഇവയുടെ സാധനങ്ങൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതായി കാണുന്നില്ല. എങ്കിലും എല്ലാ പ്രവൃത്തിക്കും ഓരോ ടെൻഡർ ലഭിച്ചതായി ഫയലിൽ കാണുന്നുണ്ട്. ഇവരുമായി കരാർ

ഉടമ്പടിചമച്ചിരിക്കുന്ന മുദ്രപത്രത്തിൽ കരാറകാരൻ ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും തിയ്യതി, ബന്ധപ്പെട്ട കക്ഷികളുടെ പേര്, വ്യവസ്ഥകൾ എന്നിവയൊന്നും ചേർക്കാത്തതിനാൽ കരാർ ഉടമ്പടിയായി പരിഗണക്കുന്നതിന് തന്നെ സാധിക്കുകയില്ല. കരാറുകാർ ലഭ്യമാക്കിയ നിരതദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം എന്നിവയുടെ വിവരങ്ങളും ലഭ്യമല്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കപ്പെടുന്നില്ലെയന്ന് ഉറപ്പാക്കേണ്ടതാണ്.

3)ഭൂമി കൃഷിയോഗ്യമാക്കൽ -തൊഴിലുറപ്പിൽ ചെയ്യുന്നത് ഉചിതം.

സർക്കുലർ നം.394/ഡിഡി2/2017 തസ്വഭവ തി.21.10.2017 ഖണ്ഡിക 3-3 -1 (i), (iii) എന്നിവ പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിൽപെടുന്ന കർഷകരുടെ കൃഷിഭൂമി കൃഷിയോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രോജക്ട് തയ്യറാക്കാവുന്നതാണ്. എന്നാൽ ആറളം ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചതിരൂർ പട്ടികവർഗ്ഗ കോളനിയിലെ സ്ഥലം കൃഷിയോഗ്യമാക്കൽ – രണ്ടാം ഘട്ടം എന്ന പ്രോജക്ടിൽ (പ്രോജക്ട് നം.101/19) 7.45 ഏക്കർ കാട് വെട്ടിത്തെളിച്ചിട്ടുണ്ട്. മരാമത്ത് പ്രവർത്തിയായി പരിഗണിച്ച ഈ പ്രവൃത്തി ടെൻഡർ ചെയ്യുകയും കരാറുകാരന് 299993 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവൃത്തികൾ തൊഴിലുറപ്പിൽപെടുത്തി നിർവ്വഹിക്കുന്നത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉപകരിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്കും ഗുണകരമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-26 പ്രോജക്ട് ആസൂത്രണത്തിൽ വീഴ്ച

പ്രോജക്ടിന്റെ പേര് : 215/19 വനിതാഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭകർക്ക് ധനസഹായം

അടങ്കൽ : 2,00,000/-

ചെലവ് : 0

നിർവഹണോദ്യോഗസ്ഥൻ : വി.ഇ.ഒ

ഗ്രാമപഞ്ചായത്തിലെ വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 1,00,000/- രൂപ വികസനഫണ്ടും 1,00,000/- രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടാണിത്. എന്നാൽ അർഹരായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പ്രോജക്ട് നടപ്പാക്കാനായില്ല. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, ഭരണസമിതി, ആസൂത്രണസമിതി തുടങ്ങിയ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തയ്യാറാക്കിയ പ്രോജക്ടിന് ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ഉപേക്ഷിക്കേണ്ടി വന്നത് ആസൂത്രണത്തിലെ പോരായ്മയാണ്. മാത്രമല്ല, പ്രോജക്ടിന് വകയിരുത്തിയ തുക പാഴാകുകയും ചെയ്തു. ഇത്തരം പോരായ്മകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-27 ഹരിത കേരളം മിഷൻ - കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച്

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്ര നം | പ്രോജ: നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക(രൂ) |
|---|---|---|---|
| 1. | 21/19 | നെൽകൃഷിക്ക് കൂലി ചെലവും വിത്തിന് സബ്സിഡിയും. | 468000 |
| 2. | 22/19 | കുരുമുളക് തൈ വിതരണം. | 345600 |
| 3. | 24/19 | ഇടവിളകൃഷിക്ക് ധനസഹായം | 41300 |
| 4. | 26/19 | പട്ടികവർഗ്ഗ വനിതകൾക്കും വനിത ഗ്രൂപ്പുകൾക്കും പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയും പച്ചക്കറി വിത്ത് വിതരണവും | 81875 |
| 5. | 28/19 | ഫലവൃക്ഷത്തൈ വിതരണം. | 355100 |
| 6. | 29/19 | വനിതകൾക്ക് പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി | 38000 |

ആകെ വകയിരുത്തിയ 4070000/-രൂപയിൽ 1329875/-രൂപ ചെലഴിച്ചിട്ടുണ്ട്. അതായത് 32.67 ശതമാനം തുക ചെലഴിച്ചു.

1.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്. ആയതിനാൽ ഹരിത കേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തീയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/ ത.സ്വ.ഭ.വ. ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തിക വളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷിക മേഖലയിൽ ഹരിത കേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിത മിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

2.പച്ചക്കറിയിലും, നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

3.ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും, കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

4.തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .

5.പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

6.ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക

7.ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

8.കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പര പൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ട് സംയോജിത കൃഷിരീതി.

9.നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കര നെൽകൃഷി പ്രോത്സാഹിപ്പിക്കുക.

10.വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുക.

11.നെല്ല്, തെങ്ങ്, പച്ചക്കറി, വാഴ, ചക്ക എന്നിവ പോലുള്ളവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിത മിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ/ വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത്. ഹരിത മിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 16.03.2020 ന് നൽകിയ 16-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 മാലിന്യം സൂക്ഷിക്കുന്നതിന് സൗകര്യങ്ങളില്ല;ഹരിതകർമ്മസേന പ്രവർത്തനരഹിതം.

സർക്കാർ ഉത്തരവ് സാധാ നം 2420/2017/തസ്വഭവ തി.15.7.2017 പ്രകാരം അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഹരിതകർമ്മസേന ഓരോ പഞ്ചായത്തിലും രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ആറളം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. മാത്രമല്ല അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രങ്ങളുടെ നിർമ്മാണവും നടന്നതായി കാണുന്നില്ല. അജൈവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളൊന്നും നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇല്ല. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ മാലിന്യങ്ങൾ

ശേഖരിക്കുകയും അവ സ്വകാര്യ സ്ഥാപനങ്ങൾക്ക് ടെൻഡർ ചെയ്ത് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംഭരിച്ച് വെക്കുന്നതിനുള്ള എം സി എഫ് കെട്ടിടത്തിന്റെ അഭാവത്താലാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ച് പോയതെന്ന് അറിയിക്കുകയുണ്ടായി.

2018-19 വർഷത്തിൽ എം സി.എഫ് കേന്ദ്രം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പ്രോജക്ട് വെച്ചിരുന്നുവെങ്കിലും നടപടിക്രമങ്ങളിൽ നിയമോപദേശം ആവശ്യമായിവന്നതിനാൽ 2019-20 വർഷത്തേക്ക് പ്രവൃത്തി സ്പിൽ ഓവറായി പോയിയെന്നും നിലവിൽ ട്രഷറി നിയന്ത്രണത്താൽ തുക നൽകുന്നതിന് സാധിച്ചിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. മാത്രമല്ല പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മാണ പ്രവൃത്തി 2019-20 വർഷത്തിൽ ആരംഭിച്ചിരുന്നവെങ്കിലും സമീപവാസികളുടെ എതിർപ്പിനാൽ പ്രവൃത്തി തുടരുന്നതിന് സാധിച്ചിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി.

കെട്ടിടനിർമ്മാണം സംബന്ധിച്ച് തർക്കങ്ങൾ പരിഹരിച്ച് എം.സി.എഫ് കെട്ടിടം എത്രയും വേഗം പൂർത്തിയാക്കി ഹരിതകർമ്മസേനയുടെ പ്രവർത്തനം പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 നീക്കിയിരിപ്പുതുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ താഴെ പറയുന്ന തുകകൾ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | തുക രൂപയിൽ |
|---|---|---|
| 1 | ICDS | 2216368 |
| 2 | Development of scheduled tribes | 1100000 |
| 3 | Grants from Suchithwamission | 1126334 |
| 4 | Jalanidhi | 1946698 |
| 5 | Grants from other govt agencies | 1701860 |
| 6 | Grants from other govt agencies | 9467341 |
| | ആകെ | 17558601 |

എന്നാൽ ഇവ ഏത് പ്രോജക്ടുകൾക്കായി ലഭിച്ച തുകയാണെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ബാധ്യതയിനത്തിൽ അവശേഷിക്കുന്ന തുകകൾ ഏത് ഉദ്ദേശ്യത്തിനായി ലഭിച്ചതാണെന്ന് മനസ്സിലാക്കുവാൻ സാധിക്കാത്തത് ഫണ്ട് വിനിയോഗം അസാധ്യമാക്കുന്നു. വിവിധ ഏജൻസികളിൽനിന്നും ലഭ്യമായിരിക്കുന്ന ഈ

തുകകൾ എന്തിന് വേണ്ടി ലഭിച്ചതാണെന്ന് മനസ്സിലാക്കി തുക ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 1-30 ബിൽബുക്കിലെ തുകകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കീഴല്ലി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ച ട്രഷറി ബിൽബുക്ക് മുഖേന പിൻവലിച്ച താഴെ പറയുന്ന തുകകൾ സംബന്ധിച്ച ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | 01/18-19/25.05.2018 | 6,360 |
| 2 | 03/18-19/22.06.2018 | 11,66,428 |
| 3 | 05/18-19/05.09.2018 | 71,232 |
| 4 | 08/18-19/05.12.2018 | 1,48,050 |
| 5 | 09/18-19/13.12.2018 | 50,000 |
| 6 | 11/18-19/22.12.2018 | 4,27,820 |
| 7 | 12/18-19/28.12.2018 | 58,208 |
| 8 | 17/18-19/15.03.2019 | 1,50,001 |
| 9 | 18/18-19/15.03.2019 | 1,00,000 |
| 10 | 19/18-19/15.03.2019 | 3,52,093 |
| 11 | 21/18-19/15.03.2019 | 8,585 |
| 12 | 25/18-19/27.03.2019 | 40,825 |
| | ആകെ | 25,79,602 |

ഈ തുകകൾ ബ്ലോക്ക് പഞ്ചായത്തിൽനിന്നും ലഭിച്ച തുകയാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ അറിയിക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലമുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ തുക കൂടി ഗ്രാമപഞ്ചാത്തിന്റെ ബിൽ ബുക്കിൽ ഉൾപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഭാഗം 2 (ഇല്ല)

ഭാഗം 3 (ഇല്ല)

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.7.2019 മുതൽ 23.7.2019 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി10/1318/2019 തി.14.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 170000 | നെൽകൃഷിക്ക് കൂലിചെലവും, വിത്തിന് സബ്സിഡിയും | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 450000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 450000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30000 | ഒന്നാംക്ലാസ് ഒന്നാംതരം ,ഇടവേലി ഗവ എൽ പി സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം | 30000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3718500 | ലൈഫ് മിഷൻ ഭവന പദ്ധതി | 3495000 | 223500 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 80000 | ലൈഫ് മിഷൻ ഭവന പദ്ധതി പൂർത്തികരണം | 80000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 730000 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 730000 | |
| ജില്ല പഞ്ചായത്ത് | 2018-19 | 170000 | നെൽകൃഷിക്ക് കൂലിചെലവും, വിത്തിന് സബ്സിഡിയും | 170000 | |
| ജില്ല പഞ്ചായത്ത് | 2018-19 | 212500 | പട്ടികവർഗ്ഗ വനിതകൾക്കും, വനിതഗ്രൂപ്പുകൾക്കും | 212500 | |

| | | | | | |
|---|---|---|---|---|---|
| | | | പച്ചക്കറികൃഷിക്ക് കൂലിചെലവും, സബ്സിഡിയും, തൈവിതരണവും | | |
| ജില്ല പഞ്ചായത്ത് | 2018-19 | 350000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 350000 | |
| ജില്ല പഞ്ചായത്ത് | 2018-19 | 10000 | ഒന്നാംക്ലാസ് ഒന്നാംതരം ,ഇടവേലി ഗവ എൽ പി സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം | 10000 | |
| ജില്ല പഞ്ചായത്ത് | 2018-19 | 2685090 | ലൈഫ് മിഷൻ ഭവന പദ്ധതി | 2685000 | 90 |
| ജില്ല പഞ്ചായത്ത് | 2018-19 | 2000000 | ക്ഷീരകർഷകർക്ക് ഉൽപാദന ബോണസ് | 2000000 | |
| ആകെ | | 10606090 | | 10382500 | 223590 |

2018-19 വർഷത്തെ വാർഷീക ധനകാര്യപത്രികയിലെ ആർ.പി.40(a) പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകളുടെ മുൻബാക്കി 76772 രൂപയും ആർ.പി.40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 876962 രൂപയുമാണ്. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 1-ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം സംയുക്ത പ്രോജക്ടുകളുടെ മുൻബാക്കി, തൻവർഷവരവ്, ചെലവ്, നീക്കിബാക്കി എന്നിവ താഴെ പറയും പ്രകാരമാണ്.

| ഇനം | മുൻബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 111756 | 5459590 | 5571346 | 5539590 | 31756 |
| ജില്ലാ പഞ്ചായത്ത് | 310016 | 5527590 | 5837606 | 5527500 | 310106 |
| | 421772 | 10987180 | 11408952 | 11067090 | 341862 |

കൂടാതെ മുകളിൽ പറഞ്ഞ മറുപടിയിൽ സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റിൽ ആകെ വരവ് 10606090 രൂപയും ആകെ ചെലവ് 10382500 രൂപയും നീക്കിബാക്കി 223590 രൂപയും ആണ്. (വാർഷിക കണക്ക് പ്രകാരം തൻവർഷ വരവ് 10417590 രൂപയാണ്) വാർഷിക കണക്കുകളുമായുള്ള വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കുന്നതിന് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല.
അപാകങ്ങൾ പരിഹരിച്ച് സംയുക്ത പ്രോജക്ടുകളുടെ വരവ് ചെലവ് തുകകൾ കൃത്യമായി കണക്കാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | വെള്ളരിവയൽ പോസ്റ്റ്മാസ്റ്റർ നാണുമാഷ് മുക്ക് റോഡ് വികസനത്തിന്റെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് കെ എസ് ഇ ബിയിൽ തുക നിക്ഷേപിക്കൽ | 21800921/ 29.1.2019 | 35094 | 0 | 35094 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | GO(Rt) | 23760000 | 0 | 0 | 0 | 23760000 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി | No.688/2019 Isgd Dated 22/03/2019 | | | | | |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1765838 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 2765838 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2765838 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് (സർട്ടിഫിക്കറ്റ് നം) |
|---|---|---|---|---|---|
| 1 | പായം സർവ്വീസ് സഹകരണ ബാങ്ക് | 30/03/2019 | | 1000000 | 0010010228145/31.3.2019 |
| 2 | ആറളം സർവ്വീസ് സഹകരണ ബാങ്ക് | 14.8.2016 | | 1177225 | 10843/17.8.18 |
| 3 | ഇരിട്ടി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 8.9.2016 | | 588613 | 151/8.9.2019 |

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽനികുതി കണക്കാക്കുന്നതിന് വീട്ടുവാടക ബത്ത ഉൾപ്പെടുത്തുന്നു. | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | 2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു. |
| - | - | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യ വികസനം | നിലനിൽക്കുന്നു. |
| - | - | 2015-16 | 3.7.5 | ടി.എസ്.പി. ഫണ്ട് ലഭിക്കാത്തത് സംബന്ധിച്ച് | നിലനിൽക്കുന്നു. |
| - | - | 2015-16 | 3.7.6 | കൃഷി – മൃഗസംരംക്ഷണം | നിലനിൽക്കുന്നു. |
| - | - | 2015-16 | 3.7.9 | വിദ്യാഭ്യാസം | നിലനിൽക്കുന്നു. |
| - | - | 2015-16 | 3.7.13 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു | നിലനിൽക്കുന്നു. |
| - | - | 2016-17 | ഖ.2 | തൊഴിൽ നികുതി പരാമർശങ്ങൾ | നിലനിൽക്കുന്നു. |

# 4-9 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 135452705 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 120292140 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 74508 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 50400 | ശ്രീ.അബ്ദുള്ള കെ.പി,ഹെഡ്മാസ്റ്റർ. |
| 1-19 | 24108 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

(ഇല്ല)

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

(ഇല്ല)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.അബ്ദുള്ള<br>കെ.പി,ഹെഡ്മാസ്റ്റർ. | ഹെഡ്മാസ്റ്റർ,ജി.എൽ.പി സ്കൂൾ<br>ഇടവേലി | ഫാരിസ മൻസിൽ,<br>ആറളം പി.ഒ |

# 4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00<br>(പദ്ധതിവിഹിതം) | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 1 |
| 2004-05 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 1 |
| 2006-07 | നം .കെഎസ്എ /കെഎൻആർ / | 1 |

| | | |
|---|---|---|
| | സി.10/580/2019. തി 06.06.2019. | |
| 2007-08 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 1 |
| 2008-09 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 4 |
| 2009-10,2010-11 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 7 |
| 2011-12,2012-13 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 5 |
| 2013-14,2014-15 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 7 |
| 2015-16 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 13 |
| 2016-17 | നം .കെഎസ്എ /കെഎൻആർ / സി.10/580/2019. തി 06.06.2019. | 11 |
| 2017-18 | നം.കെഎസ്.എ/കെ.എൻ.ആർ/ സി10/1081/19 തി.5.11.2019 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.10/401/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 28.09.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-2-1</u> <u>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

Aralam Grama Panchayat

RECEIPT AND PAYMENT STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 34010065 |
| Cash | Cash | RP-40(a) | 137960 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1927420 |
| 140000000 | Fees & User Charges | RP-4 | 638474 |
| 150000000 | Sale & Hire Charges | RP-5 | 219912 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 75479298 |
| 171000000 | Interest Earned | RP-9 | 357533 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28648790 |
| 350000000 | Other Liabilities | RP-36 | 9500 |
| | | | |

| | | | |
|---|---|---|---|
| | Non Operating | | |
| 180000000 | Other Income | RP-10 | 750 |
| 311000000 | Earmarked Funds | RP-29 | 19341 |
| 330000000 | Secured Loans | RP-32 | 23760000 |
| 340000000 | Deposits Received | RP-34 | 249450 |
| 350000000 | Other Liabilities | RP-36 | 257845 |
| 431000000 | Sundry Debtors (Receivables) | RP-43 | 3884392 |
| | Grand total | | 169600730 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3809604 |
| 220000000 | Administrative Expenses | RP-12 | 1000865 |
| 230000000 | Operations & Maintenance | RP-13 | 1610644 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8190784 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 36475666 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2027950 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 769377 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1115120 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 14366797 |
| 280000000 | Prior Period item | RP-26 | -73054 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 583769 |
| 350000000 | Other Liabilities | RP-36 | 6141992 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2707 |
| 280000000 | Prior Period Item | RP-26 | -19000 |
| 311000000 | Earmarked Funds | RP-29 | 24510 |
| 340000000 | Deposits Received | RP-34 | 174321 |
| 350000000 | Other Liabilities | RP-36 | 2073114 |
| 410000000 | Fixed Assets | RP-38 | 7193760 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 15489033 |
| 420000000 | Investments | RP-41 | 1000000 |
| 440000000 | Pre-paid Expenses | RP-45 | 16860000 |
| 460000000 | Loans, Advances and Deposits | RP-47 | 1474181 |
| | Closing Balance | | |
| Bank | Bank | RP-40(b) | 49237876 |
| Cash | Cash | RP-40(b) | 70714 |
| | Grand Total | | 169600730 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Aralam Grama Panchayat

INCOME AND EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5135612 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 126924 |
| 140000000 | Fee & User Charges | I-4(b) | 807424 |
| 150000000 | Sale & Hire Charges | I-5(b) | 222712 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 245813006 |
| | Subsidies | | |
| 170000000 | Income from Investments | I-7 | 138338 |
| 171000000 | Interest Earned | I-8 | 357533 |
| 180000000 | Other Income | I-9 | 750 |
| | Total Income | | 252602299 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9887090 |
| 220000000 | Administrative Expenses | I-11(b) | 1000865 |
| 230000000 | Operations & Maintenance | I-12(b) | 1612636 |
| | | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 2707 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8245434 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 94702299 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2031187 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 770296 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 96793120 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 14366797 |
| 272000000 | Depreciation | I-17(a) | 23725159 |
| | Total Expenditure | | 253137590 |
| | Gross Surplus/ Deficit of income over Expenditure | | -535291 |
| 280000000 | Prior Period Item | I-18 | -140436 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -394855 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Aralam Grama Panchayat<br>BALANCE SHEET<br>As On 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 79951506 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 5298 |
| | Agency Fund | | |
| | | | |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 156861447 |
| | Total Reserve & Surplus | | 236818251 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 19191404 |
| | Total Grants, Contributions for Specific Purposes | | 19191404 |
| | Loans | | |
| 330000000 | Secured Loans | B-5 | 23760000 |
| | Total Loans | | 23760000 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1021621 |
| 350000000 | Other Liabilities | B-9 | 792165 |
| | Total Current Liabilities and Provisions | | 1813786 |
| | TOTAL LIABILITIES | | 281583441 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 250316774 |
| 411000000 | Accumulated Depreciation | B-11 | -39303716 |
| 412000000 | Capital Work in Progress | B-11(a) | 253682 |
| | Total Fixed Assets | | 211266740 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 2765838 |
| | Total Investments | | 2765838 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 327408 |
| 440000000 | Pre-paid Expenses | B-16 | 16860000 |
| 450000000 | Cash and Bank Balance | B-17 | 49308590 |
| 460000000 | Loans, Advances and Deposits | B-18 | 1054865 |
| | Total Current Assets, Loans and Advances | | 67550863 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 281583441 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം